ലേഖനം

പി.കെ ജമാൽ

# പശ്ചാത്താപം പ്രായശ്ചിത്തം

**തെറ്റുകളിലും** കുറ്റങ്ങളിലും അകപ്പെടുന്ന മനുഷ്യന്റെ മുന്നിൽ അല്ലാഹു കാരുണ്യത്തിന്റെ കവാടങ്ങൾ തുറന്നുവെച്ചിരിക്കുന്നു. മനുഷ്യന് തെറ്റുകൾ തിരുത്താം. നബി(സ) പറഞ്ഞു: “ജനങ്ങളേ! നിങ്ങൾ അല്ലാഹുവിലേക്ക് പശ്ചാത്തപിച്ചു മടങ്ങുക. ഞാൻ ഒരു ദിവസം നൂറു തവണ അല്ലാഹുവിന്റെ സവിധത്തിലേക്ക് പശ്ചാത്തപിച്ചു മടങ്ങുന്നുണ്ട്” (മുസ്‌ലിം). പശ്ചാത്താപം ഓരോ വ്യക്തിയും നിർബന്ധമായി ചെയ്തിരിക്കേണ്ടതാണ്. “വിശ്വസിച്ചവരേ! നിങ്ങൾ എല്ലാവരും ഒത്തുചേർന്ന് അല്ലാഹുവിനോട് പശ്ചാത്തപിക്കുവിൻ! നിങ്ങൾ വിജയം വരിക്കുമെന്ന് പ്രതീക്ഷിക്കാം” (*അന്നൂർ* 31).

മനുഷ്യപിതാവായ ആദം(അ) അല്ലാഹുവിനോട് ചെയ്ത കരാർ മറക്കുകയും തെറ്റിൽ അകപ്പെടുകയും ചെയ്തു. ആദമിന്റെ മാനസികാവസ്ഥ ഖുർആൻ വിശകലനം ചെയ്തതിങ്ങനെ: “നാം ഇതിനു മുമ്പ് ആദമിന് ഒരു ശാസനം നൽകിയിരുന്നു. പക്ഷേ, അദ്ദേഹം അതു മറന്നുപോയി. നാം അദ്ദേഹത്തിൽ നിശ്ചയദാർഢ്യം കണ്ടില്ല” (*ത്വാഹ*: 115). പിശാചിന്റെ പ്രലോഭനങ്ങൾക്കടിപ്പെട്ട് തെറ്റുകൾ ചെയ്തുപോകുന്ന മനുഷ്യന് അല്ലാഹുവിന്റെ കാരുണ്യകവാടങ്ങൾ തുറന്നുകിട്ടുന്നത് നിഷ്കളങ്കമായ പ്രാർഥനയിലൂടെയാണ്. തെറ്റു മനസ്സിലാക്കിയ ആദം പശ്ചാത്താപ വിവശനായി. അല്ലാഹു ആ പശ്ചാത്താപം സ്വീകരിച്ചതു ഖുർആൻ അനുസ്മരിക്കുന്നതിൽ ഒരു സന്ദേശമുണ്ട്. ആശ മുറ്റിയ ഹൃദയത്തോടെ വീണ്ടും ദൈവത്തിലണയാം എന്ന സന്ദേശം: “ഇരുവരും (ആദവും പത്നിയും) കേണു തുടങ്ങി: നാഥാ! ഞങ്ങൾ ഞങ്ങളോടു തന്നെ അക്രമം ചെയ്തുപോയി. ഇനി ഞങ്ങൾക്ക് മാപ്പരുളുകയും കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ നിശ്ചയമായും ഞങ്ങൾ നശിച്ചുപോകും” (*അൽഅഅ്റാഫ്* 23). “ആദം തന്റെ നാഥങ്കൽ നിന്ന് ചില വചനങ്ങൾ പഠിച്ചു പശ്ചാത്തപിച്ചു. നാഥൻ അത് സ്വീകരിക്കുകയും ചെയ്തു. ഏറെ മാപ്പരുളുന്നവനും ദയാപരനുമാകുന്നു അവൻ” (*അൽബഖറ* 37). “തെറ്റുകളിൽ പശ്ചാത്തപിക്കുന്നവൻ തെറ്റു ചെയ്യാത്തവനെപ്പോലെയാണ്” എന്ന് നബിവചനം (ഇബ്നുമാജ).

പശ്ചാത്താപം സ്വീകാര്യമാവുന്നതിന് ചില ഉപാധികളുണ്ട്. തന്നിൽനിന്ന് സംഭവിച്ച കുറ്റങ്ങളെയും വീഴ്ചകളെയും ഓർത്ത് നിർവ്യാജമായ ഖേദം. അല്ലാഹു

**ഇരുപതുകാരൻ ചിന്തിക്കുന്നത് ഇനിയും മുപ്പതുകളും നാൽപതുകളും പിന്നിടാനുണ്ടല്ലോ. അമ്പതുകാരൻ പ്രതീക്ഷിക്കുന്നത് അറുപതുകാരും എഴുപതുകാരും ഇപ്പോഴും ജീവിച്ചിരിക്കുന്ന സ്ഥിതിക്ക് തനിക്കും ആശക്ക് വകയുണ്ടെന്നാണ്. പശ്ചാത്തപിച്ച് അല്ലാഹുവിലേക്ക് മടങ്ങാനുള്ള സുവർണാവസരമാണ് ഈ പ്രതീക്ഷകൾ നഷ്ടപ്പെടുത്തുന്നത്.**



വിനോട് കാണിച്ച ധിക്കാരമോർത്ത് ദുഃഖം. തന്റെ നിലപാടിൽ അഗാധമായ സങ്കടം. മടിയും ഉദാസീനതയും മൂലം തബൂക്ക് യുദ്ധത്തിൽ പങ്കെടുക്കാൻ സാധിക്കാതിരുന്ന നബി(സ)യുടെ മൂന്ന് അനുചരന്മാരുടെ മാനസികാവസ്ഥയാണ് തൗബ സ്വീകാര്യമാവാൻ ആദ്യത്തെ ഉപാധി. കഅ്ബ്നു മാലിക്, ഹിലാലുബ്നു ഉമയ്യ, മുറാറത്തുബ്നു റബീഅ് എന്നിവരാണ് ഈ മൂന്ന് സ്വഹാബിമാർ. മൂവരും സത്യസന്ധരായ വിശ്വാസികളായിരുന്നു. നേരത്തെ അവരുടെ നിഷ്കളങ്കത തെളിയിക്കപ്പെട്ടതുമാണ്. ത്യാഗങ്ങളനുഷ്ഠിച്ചിട്ടുമുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും തബൂക്ക് യുദ്ധത്തിന് പുറപ്പെടാൻ കൽപന വന്നപ്പോൾ ഇവർക്ക് അതിൽ മടിതോന്നി. നബി(സ) തബൂക്കിൽനിന്ന് തിരിച്ചുവന്നപ്പോൾ, മുസ്‌ലിംകളാരും ഈ മൂന്ന് പേരോടും സലാം പറയരുതെന്ന് കൽപിച്ചു. നാൽപത് ദിവസത്തിന് ശേഷം അവരുടെ ഭാര്യമാരോടും അവരിൽനിന്ന് അകന്ന് നിൽക്കാൻ കൽപിച്ചു. അവരുടെ തപിക്കുന്ന ഹൃദയത്തിന്റെ വിവശമായ അവസ്ഥ ഖുർആൻ വിവരിക്കുന്നതിങ്ങനെ: "ആ മൂന്നാളുകൾക്കും അവൻ പൊറുത്തുകൊടുത്തിരിക്കുന്നു. ഭൂമി അതിന്റെ എല്ലാ വിശാലതയോടും കൂടെ അവർക്ക് കുടുസ്സായി. സ്വന്തം ആത്മാക്കൾ പോലും അവർക്ക് ദുർവഹമായിത്തീർന്നു. അല്ലാഹുവിന്റെ പിടുത്തത്തിൽനിന്ന് രക്ഷപ്പെടാൻ അവന്റെ തന്നെ കാരുണ്യമല്ലാതെ മറ്റൊന്നുമില്ലെന്ന് അവർക്ക് ബോധ്യമാവുകയും ചെയ്തു. അപ്പോൾ, അവർ പശ്ചാത്തപിച്ചു മടങ്ങേണ്ടതിന് അല്ലാഹു തന്റെ കാരുണ്യം അവരുടെ മേൽ ചൊരിഞ്ഞു. നിശ്ചയം അവൻ ഏറെ മാപ്പരുളുന്നവനും ദയാപരനുമാകുന്നു" (*അത്തൗബ*: 118).

രണ്ടാമത് ഈ മാനസികാവസ്ഥയിൽനിന്ന് അങ്കുരിക്കുന്ന നിശ്ചയദാർഢ്യമാണ്. ജീവിതം സംസ്കരിക്കാനും അല്ലാഹുവിനോടുള്ള അനുസരണത്തിന്റെ മൂശയിൽ ജീവിതത്തെ വാർത്തെടുക്കാനും തെറ്റുകളുടെ ആവർത്തനം ഉണ്ടാവാതിരിക്കാനുമുള്ള ഉറച്ച തീരുമാനം. മൂന്നാമത്, ദുഷ്കൃത്യങ്ങൾക്ക് പകരമായി സൽക്കർമങ്ങൾ അനുഷ്ഠിച്ച് ജീവിതത്തെ സമൂലം പരിവർത്തനത്തിന് വിധേയമാക്കുന്ന ഉറച്ച ചുവടുവെപ്പ്. കളവുകൾക്ക് പകരം സത്യം, ഹറാമുകൾക്ക് പകരം ഹലാൽ, കുറ്റകൃത്യങ്ങൾക്ക് വളംവെച്ച ജീവിത സാഹചര്യങ്ങളിൽനിന്ന് മാറി പുതിയ അന്തരീക്ഷത്തിൽ ജീവിക്കാനുള്ള തീരുമാനം. അതാണ് തൗബക്ക് ശേഷം സൽക്കർമങ്ങൾ അനുഷ്ഠിക്കാനുള്ള ഖുർആനികാധ്യാപനത്തിന്റെ പൊരുൾ: "പശ്ചാത്തപിക്കുകയും സത്യവിശ്വാസം കൈക്കൊള്ളുകയും സൽക്കർമങ്ങൾ ആചരിക്കുകയും ചെയ്തവരൊഴികെ" (*മർയം*: 60).

തൗബയെ വിശ്വാസവുമായി ബന്ധപ്പെടുത്തിയത് ശ്രദ്ധിക്കുക. കുറ്റങ്ങൾ, പ്രത്യേകിച്ച് വൻപാപങ്ങൾ ചെയ്യുമ്പോൾ വിശ്വാസത്തിന് ക്ഷതമേൽക്കും. പശ്ചാത്താപത്തിലൂടെ വിശ്വാസത്തെ ഹൃദയത്തിൽ വീണ്ടും കുടിയിരുത്താനാണാഹ്വാനം. നബിവചനം ഓർക്കുക: "ഒരു വ്യഭിചാരിയും വ്യഭിചരിക്കുന്നില്ല; അവൻ വിശ്വാസിയായിരിക്കെ. ഒരു മദ്യപാനിയും മദ്യം കഴിക്കുന്നില്ല; അവൻ വിശ്വാസിയായിരിക്കെ. ഒരു മോഷ്ടാവും മോഷ്ടിക്കുന്നില്ല; അവൻ വിശ്വാസിയായിരിക്കെ" (ബുഖാരി, മുസ്‌ലിം). പശ്ചാത്തപിച്ചാൽ തീർച്ചയായും ആ പശ്ചാത്താപം അല്ലാഹു സ്വീകരിക്കും. അതാണ് അല്ലാഹു അനുവർത്തിക്കുന്ന രീതി.

തുറന്ന മനസ്സോടെ കുറ്റവാളിയായ വ്യക്തിയെ കൈയേൽക്കാൻ കാത്തിരിക്കുന്ന ഒരു ദൈവമുണ്ടെന്ന ഉറച്ച ബോധ്യമുണ്ടായിട്ടും പശ്ചാത്താപ വിവശമായ ഹൃദയത്തോടെ അല്ലാഹുവിന്റെ കാരുണ്യകവാടത്തിൽ മുട്ടാൻ മനുഷ്യൻ മടിക്കുകയും അമാന്തം കാണിക്കുകയും ചെയ്യുന്നത് എന്തുകൊണ്ട്?

അലംഭാവവും ഉദാസീനതയുമാണ് പ്രധാന തടസ്സം. തനിക്കു മുന്നിൽ വിശാലമായ ഒരു ജീവിതം ഇനിയും ബാക്കി നിൽപ്പുണ്ടല്ലോ എന്ന പ്രതീക്ഷയും വ്യാമോഹവുമാണ് മറ്റൊരു തടസ്സം. ഇരുപതുകാരൻ ചിന്തിക്കുന്നത് ഇനിയും മുപ്പതുകളും നാൽപതുകളും പിന്നിടാനുണ്ടല്ലോ. അമ്പതുകാരൻ പ്രതീക്ഷിക്കുന്നത് അറുപതുകാരും എഴുപതുകാരും ഇപ്പോഴും ജീവിച്ചിരിക്കുന്ന സ്ഥിതിക്ക് തനിക്കും ആശക്ക് വകയുണ്ടെന്നാണ്. പശ്ചാത്തപിച്ച് അല്ലാഹുവിലേക്ക് മടങ്ങാനുള്ള സുവർണാവസരമാണ് ഈ പ്രതീക്ഷകൾ നഷ്ടപ്പെടുത്തുന്നത്.

തെറ്റുകളും കുറ്റങ്ങളും നിസ്സാരവൽക്കരിച്ചു കാണാനുള്ള മാനസികാവസ്ഥയാണ് മറ്റൊന്ന്. ബുഖാരി ഉദ്ധരിച്ച നബിവചനം സൂചിപ്പിക്കുന്നത് തെറ്റുകളെ നിസ്സാരമായി ഗണിക്കുന്നത് വിശ്വാസിയുടെ ലക്ഷണമല്ലെന്നാണ്. "സത്യവിശ്വാസി തന്റെ തെറ്റുകളെ, തന്റെ ശിരസ്സിൽ പതിക്കാൻ ആഞ്ഞ് നിൽക്കുന്ന പർവതമായാണ് കാണുക. പാറിവന്ന് മൂക്കത്ത് ഇരിപ്പുറപ്പിച്ച ഈച്ച കണക്കെയാണ് കപടവിശ്വാസി തെറ്റുകളെ വിലയിരുത്തുന്നത്."

അല്ലാഹുവിന്റെ വിട്ടുവീഴ്ചയെക്കുറിച്ച അമിത പ്രതീക്ഷയിൽ വിശ്വാസമർപ്പിക്കുന്നതാണ് പശ്ചാത്താപം വൈകിക്കുന്നതിന് ഹേതുവായിത്തീരുന്ന മറ്റൊരു ഘടകം. ഖുർആൻ സൂചിപ്പിച്ചു: "അനന്തരം അവർക്കു ശേഷം അവരുടെ പിൻഗാമികളായി ഒരു തലമുറ രംഗത്തുവന്നു. അവർ വേദത്തിന്റെ അനന്തരാവകാശമെടുത്തു. ഈ നിസ്സാരമായ ലോകത്തിലെ വിഭവങ്ങളാണ് അവർ കൈപ്പറ്റുന്നത്. ഞങ്ങൾക്ക് അതൊക്കെ പൊറുത്തുകിട്ടുന്നതാണ് എന്ന് അവർ പറയുകയും ചെയ്യും" (*അൽ അഅ്റാഫ്* 169). അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ചും മാപ്പിനെക്കുറിച്ചും വിട്ടുവീഴ്ചയെക്കുറിച്ചും മാത്രം ചിന്തിക്കുന്ന അവർ, അവൻ പിടികൂടി ശിക്ഷിക്കുമെന്നുമുള്ള സത്യം കാണാൻ കൂട്ടാക്കുന്നില്ല. "എന്റെ അടിമകളെ അറിയിക്കൂ! ഞാൻ പൊറുക്കുന്നവനും കാരുണ്യവാനുമാകുന്നു. എന്റെ ശിക്ഷ നോവേറിയ ശിക്ഷയാണെന്നും (അവരെ അറിയിക്കുക) (*അൽ ഹിജ്ർ* 49,50).

അല്ലാഹുവിന്റെ കാരുണ്യം സർവവ്യാപിയാണെന്നത് നേരു തന്നെ. പക്ഷേ, അതാർക്കാണ്? ഖുർആൻ പറയുന്നു: "എന്റെ കാരുണ്യമാവട്ടെ സർവ വസ്തുക്കളെയും ഉൾക്കൊള്ളുന്നതാകുന്നു. എന്നാൽ ധർമനിഷ്ഠ പുലർത്തുകയും സകാത്ത് നൽകുകയും നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും ചെയ്യുന്ന ആളുകൾക്ക് ഞാൻ അത് രേഖപ്പെടുത്തുന്നതാകുന്നു" (*അൽ അഅ്റാഫ്* 156).

അല്ലാഹുവിന്റെ ഈ രണ്ടു വശങ്ങൾ ഖുർആൻ മറ്റിടങ്ങളിലും ഊന്നിയത് കാണാം: "പാപം പൊറുക്കുന്നവനും പശ്ചാത്താപം സ്വീകരിക്കുന്നവനും കഠിനമായി ശിക്ഷിക്കുന്നവനും കഴിവുള്ളവനുമാകുന്നു അവൻ" (*അൽമുഅ്മിൻ* 2,3). വിശ്വാസി പ്രതീക്ഷയുടെയും ഭയത്തിന്റെയും ഇടയിലാവണം. അത് വിശ്വാസികളുടെ ലക്ഷണമായി ഖുർആൻ ഗണിക്കുന്നു: "പരലോകത്തെ ഭയപ്പെടുകയും തന്റെ രക്ഷിതാവിന്റെ കാരുണ്യത്തിൽ പ്രതീക്ഷ പുലർത്തുകയും ചെയ്യുന്നു" (*അസ്സുമർ* 9) "അവർ അവന്റെ കാരുണ്യം കൊതിക്കുകയും ശിക്ഷ ഭയപ്പെടുകയും ചെയ്യുന്നു" (*അൽ ഇസ്റാഅ്* 57). റമദാൻ തൗബക്കുള്ള സന്ദർഭമാകുന്നു: "സത്യവിശ്വാസികളേ! നിങ്ങൾ അല്ലാഹുവിലേക്ക് നിഷ്കളങ്കമായ പശ്ചാത്താപം ചെയ്തുകൊണ്ട് മടങ്ങുക (*അത്തഹ്‌രീം* 8). ■